ബേപ്പൂരിൽ കോസ്റ്റ് ഗാർഡ് സ്റ്റേഷൻ സ്ഥാപിക്കുന്നതിന് നടപടി

99 [100] ശ്രീ. വി. കെ. സി. മമ്മത്കോയ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ബേപ്പൂരിൽ സ്ഥാപിക്കുന്ന കോസ്റ്റ് ഗാർഡ് സ്റ്റേഷന് ആവശ്യമായ സ്ഥലം ലഭ്യമായിട്ടുണ്ടോ;

(ബി) ഏതെല്ലാം സ്ഥലങ്ങളാണ് പരിഗണനയിലുള്ളത്;

(സി) ഏത് സ്ഥലമാണ് അനുയോജ്യമായി കണ്ടെത്തിയിട്ടുള്ളത്;

(ഡി) കോസ്റ്റ് ഗാർഡ് സ്റ്റേഷൻ സ്ഥാപിക്കുന്നതിന് എന്തെല്ലാം നടപടികളാണ് ഇതുവരെ സ്വീകരിച്ചത്;

(ഇ) കോസ്റ്റ് ഗാർഡ് സ്റ്റേഷൻ എന്നേക്ക് സ്ഥാപിക്കാമെന്നാണ് പ്രതീക്ഷിക്കുന്നത് എന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ, ബി, സി, ഡി & ഇ) കോഴിക്കോട് ജില്ലയിൽ ബേപ്പൂർ വില്ലേജിൽ റീസർവേ നമ്പർ 85/2 എ, 85/2 ബി, 61/2 എ1 എന്നീ സർവേ നമ്പരുകളിൽ ഉൾപ്പെടുന്ന ഫിഷറീസ് വകുപ്പിന്റെ അധീനതയിലുള്ള 2 (രണ്ട്) ഏക്കർ സ്ഥലം കോസ്റ്റ് ഗാർഡ് സ്റ്റേഷൻ നിർമ്മിക്കുന്നതിനുവേണ്ടി ഗവൺമെന്റ് ഓഫ് ഇന്ത്യയുടെ പ്രതിരോധ മന്ത്രാലയത്തിന് മുൻകൂർ കൈവശാനുമതി നൽകിക്കൊണ്ട് റവന്യൂ വകുപ്പിൽ നിന്നും 19-12-2003-ന് ജി. ഒ. (എം. എസ്.) 400/2003/റവ. നമ്പരായി സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചു. എന്നാൽ ടി. രണ്ടേക്കർ സ്ഥലം കോസ്റ്റ് ഗാർഡ് സ്റ്റേഷൻ സ്ഥാപിക്കാൻ പര്യാപ്തമല്ലെന്നും, ഇക്കാര്യത്തിന് അഞ്ചേക്കർ സ്ഥലം സൗജന്യമായി നൽകുന്നതിനു പുറമേ ജീവനക്കാരുടെ താമസാവശ്യത്തിനായി മൂന്നേക്കർ സ്ഥലം കൂടി വിലയ്ക്കു നൽകണമെന്നും കോസ്റ്റ് ഗാർഡ് ആവശ്യപ്പെട്ടിട്ടുണ്ട്. ആയത് സർക്കാർ പരിശോധിച്ചുവരുന്നു. കോസ്റ്റ് ഗാർഡ് സ്റ്റേഷൻ എത്രയും വേഗം സ്ഥാപിക്കുന്നതിനായി സർക്കാർ ഈ ആഴ്ച (12-1-2004) ചർച്ച നടത്തിയിരുന്നു.

ലോക്കപ്പ് മർദ്ദനം

100 [101] ശ്രീ. വി. കെ. ചന്ദ്രൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം സംസ്ഥാനത്തെ പോലീസ് സ്റ്റേഷനുകളിൽ എത്ര ലോക്കപ്പ് മർദ്ദന കേസുകൾ റിപ്പോർട്ട് ചെയ്തിട്ടുണ്ടെന്ന് വ്യക്തമാക്കാമോ;

LIBRARY ARCHIVES Kerala Legislative Assembly